സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 14 2025 മാർച്ച് 18 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഇറങ്ങുന്നതിനിടയിൽ കെ എസ് ആർ ടി സി ബസ് മുന്നിലേക്കെടുത്തു, വയോധികയ്ക്ക് വലതുകാൽ നഷ്ടമായി

തൃശൂർ: കെ എസ് ആർ ടി സി ഡ്രൈവറുടെ അശ്രദ്ധ മൂലം വയോധികയ്ക്ക് വലതുകാൽ നഷ്ടമായി. ഇറങ്ങുന്നതിനു മുൻപ് ബസ് മുന്നോട്ടെടുത്തതാണ് അപകടത്തിലേക്ക് നയിച്ചത്. ബസ് മുന്നോട്ട് എടുത്തപ്പോൾ ടയറിനടിയിൽ പെട്ടാണ് വയോധികയ്ക്ക് വലതുകാൽ നഷ്ടപ്പെട്ടത്. തിരുവനന്തപുരം നെടുമങ്ങാട് ആണ് സംഭവമുണ്ടായത്. വാളിക്കോട് സ്വദേശി ഐഷാബീവിയുടെ (72) കാലാണ് മുറിച്ചു മാറ്റിയത്.സംഭവത്തിൽ ബന്ധുക്കൾ പൊലീസിൽ പരാതി നൽകിയിട്ടുണ്ട്.

ബഹിരാകാശ നിലയത്തോട് യാത്ര പറഞ്ഞ് സുനിത

പുലർച്ചെ ഭൂമിയിലെത്തും

ലോറിഡ: ഒമ്പത് മാസത്തെ കാത്തിരിപ്പിനൊടുവിൽ നാസാ ശാസ്ത്രജ്ഞരായ സുനിതാ വില്യംസും ബുച്ച് വിൽമോറും ഭൂമിയിലേക്ക്. ഇന്ത്യൻ സമയം ഇന്ന് രാവിലെ 10.35-ന് സുനിതയുമായുള്ള പേടകം ഭൂമിയിലേക്ക് യാത്ര തിരിച്ചു. സാഹചര്യങ്ങളെല്ലാം അനുകൂലമായാൽ പേടകം നാളെ പുലർച്ചെ 3.27ന് ഭൂമിയിൽ ഇറങ്ങും.

യാത്രപോയ പേടകത്തിനുണ്ടായ സാങ്കേതികത്തകരാർമൂലമാണ് സുനിതയും ബുച്ചും അന്താരാഷ്ട്ര ബഹിരാകാശനിലയത്തിൽ (ഐഎസ്എസ്) കുടുങ്ങിപ്പോയത്. ഇരുവർക്കുമൊപ്പം നിക് ഹേഗ്, അലക്സാണ്ടർ ഗോർബുനോവ് എന്നീ ബഹിരാകാശ യാത്രികരുമുണ്ട്.

ഇന്ത്യൻ സമയം 10.15-ഓടെ ഹാച്ചിങ് പൂർത്തിയായിരുന്നു. ഡ്രാഗൺ പേടകത്തെ ഐഎസ്ഐസുമായി ബന്ധപ്പെടുത്തുന്ന കവാടം അടയ്ക്കുന്ന പ്രക്രിയയാണിത്. ഇതിന് പിന്നാലെ നിലയവുമായി വേർപ്പെടുത്തുന്ന അതിനിർണായക ഘട്ടമായ അൺഡോക്കിങ്ങും പൂർത്തിയായതോടെ പേടകം ഭൂമിയിലേക്ക് യാത്ര തിരിക്കുകയായിരുന്നു.

ഇന്ത്യൻ സമയം പുലർച്ചെ 2.41ന് ആണ് ഡീഓർബിറ്റ് ബേൺ പ്രക്രിയ. വേഗം കുറച്ച് ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് ഡ്രാഗൺ പേടകം പ്രവേശിക്കും. പാരാഷൂട്ടുകൾ വിടരുന്നതോടെ പേടകം സ്ഥിരവേഗം കൈവരിക്കും. പുലർച്ചെ 3.27 ന് പേടകം ഭൂമിയിൽ ഇറങ്ങും. അറ്റ്ലാന്റിക് സമുദ്രത്തിലോ മെക്സിക്കോ ഉൾക്കടലിലോ ആയിരിക്കും പേടകം പതിക്കുക. ഇത് വീണ്ടെടുത്ത് യാത്രികരെ കരയിലേക്ക് എത്തിക്കാനാണ് പദ്ധതി. സാഹചര്യങ്ങൾക്ക് അനുസരിച്ച് ഭൂമിയിൽ ഇറങ്ങുന്ന സമയത്തിൽ മാറ്റം വരാമെന്ന് നാസ അറിയിച്ചു.

സുനിതയെയും ബുച്ചിനെയും ടെക്സസിലെ ഹ്യൂസ്റ്റണിലുള്ള നാസയുടെ ജോൺസൺ സ്പെയ്സ് സെന്ററിലെത്തിച്ച് വൈദ്യപരിശോധനയ്ക്കു വിധേയരാക്കും. ബഹിരാകാശത്ത് ഗുരുത്വാകർഷണമില്ലാതെ ഇത്രനാൾ കഴിഞ്ഞ രണ്ടുപേർക്കും ഭൂമിയിലെ ഗുരുത്വാകർഷണവുമായി വീണ്ടും താദാത്മ്യം പ്രാപിക്കാനുള്ള സഹായങ്ങൾ നൽകും.

ബോയിങ്ങിന്റെ സ്റ്റാർലൈനർ പേടകത്തിന്റെ മനുഷ്യനെയും വഹിച്ചുള്ള ആദ്യപരീക്ഷണത്തിന്റെ ഭാഗമായാണ് സുനിതയും ബുച്ചും 2024 ജൂണിൽ ഐഎസ്എസിലേക്കു പോയത്. ഒരാഴ്ചയ്ക്കുള്ളിൽ തിരിച്ചു വരുകയായിരുന്നു ലക്ഷ്യമെങ്കിലും സ്റ്റാർലൈനറിനുണ്ടായ സാങ്കേതികത്തകരാർമൂലം അതിലുള്ള മടക്കയാത്ര നടന്നില്ല.

ഉചിതമായ ബദൽപദ്ധതി തയ്യാറാകുന്നതുവരെ അവർക്ക് ഐഎസ്എസിൽ കഴിയേണ്ടിവന്നു. ഇലോൺ മസ്കിന്റെ സ്പെയ്സ് എക്സുമായി സഹകരിച്ചാണ് നാസ ഇപ്പോഴത്തെ തിരിച്ചുവരവ് സാധ്യമാക്കുന്നത്.

ഹേമ റിപ്പോർട്ട്; മൊഴി നൽകാൻ താൽപര്യമില്ലാത്തവരെ നിർബന്ധിക്കരുതെന്ന് ഹൈക്കോടതി

കൊച്ചി: ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൊഴി നൽകാൻ താൽപര്യമില്ലാത്തവരെ നിർബന്ധിക്കരുതെന്ന് ഹൈക്കോടതി. അന്വേഷണത്തിന്റെ പേരിൽ ആരെയും ബുദ്ധിമുട്ടിക്കാനാവില്ല. പ്രത്യേക അന്വേഷണ സംഘം (എസ്ഐടി) ബുദ്ധിമുട്ടുണ്ടാക്കിയാൽ ഹൈക്കോടതിയെ സമീപിക്കാമെന്നും കോടതി വ്യക്തമാക്കി. മൊഴി നൽകാൻ നിർബന്ധിക്കുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് കോടതിയുടെ നിർദേശം.

നോട്ടീസ് കിട്ടിയവർക്ക് മജിസ്ട്രേറ്റിന് മുന്നിൽ മൊഴി നൽകാമെന്നും അല്ലെങ്കിൽ ഹാജരായി താൽപര്യമില്ലെന്ന് അറിയിക്കണമെന്നും ഹൈക്കോടതി വ്യക്തമാക്കി. ഹേമ കമ്മിറ്റിക്ക് മുൻപിൽ മൊഴി നൽകിയവർ പൊലീസിന് മുന്നിൽ മൊഴി നൽകാൻ വിസമ്മതിക്കുന്നുവെന്നാണ് വിവരം.

അതേസമയം, മൊഴി നൽകിയില്ലെങ്കിൽ ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസുകൾ എഴുതിത്തള്ളിയേക്കും. നിലവിൽ 80 കേസുകളാണ് രജിസ്റ്റർ ചെയ്തത്. ഇതിൽ 35 എണ്ണം ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ളതാണ്. റിപ്പോർട്ട് പുറത്തുവന്നതിന് പിന്നാലെ നേരിട്ട് അന്വേഷണ സംഘത്തിന് ലഭിച്ച പരാതികളിലാണ് മറ്റ് കേസുകൾ രജിസ്റ്റർ ചെയ്തത്. നേരിട്ട് പരാതി നൽകിയ കേസുകളിൽ മാത്രം കുറ്റപത്രവുമായി മുന്നോട്ടുപോയേക്കും.

കൊച്ചിയിൽ നടിയെ ആക്രമിച്ചതിന് പിന്നാലെയാണ് സിനിമാ മേഖലയിലെ വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാൻ സംസ്ഥാന സർക്കാർ ജസ്റ്റിസ് ഹേമ കമ്മിറ്റിയെ നിയോഗിച്ചത്. ഹേമ കമ്മിറ്റി 2019 ഡിസംബർ 31ന് മുഖ്യമന്ത്രി പിണറായി വിജയന് നേരിട്ട് റിപ്പോർട്ട് സമർപ്പിച്ചു. കഴിഞ്ഞ ഓഗസ്റ്റ് 19ന് ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിട്ടത്. 233 പേജുകളാണ് പുറത്തുവിട്ടത്. വ്യക്തി വിവരങ്ങൾ ഒഴിവാക്കിയുള്ള റിപ്പോർട്ടുകളാണ് പരസ്യപ്പെടുത്തിയത്.

ചാർജ് ചെയ്യുന്നതിനിടെ ഇലക്ട്രിക് ബൈക്കിന് തീപിടിച്ചു; പൊള്ളലേറ്റ പിഞ്ചുകുഞ്ഞ് മരിച്ചു

ചെന്നൈ: ചാർജ് ചെയ്യുന്നതിനിടെ ഇലക്ട്രിക്ക് ബൈക്കിന് തീപിടിച്ച് പൊള്ളലേറ്റ പിഞ്ച് കുഞ്ഞ് മരിച്ചു. ചെന്നൈയിലാണ് സംഭവം. തീ അണയ്ക്കാൻ ശ്രമിക്കുന്നതിനിടെയാണ് ഒരു കുടുംബത്തിലെ മൂന്നുപേർക്ക് പൊള്ളലേറ്റത്. ചികിത്സയിലിരിക്കെയാണ് കുഞ്ഞ് മരണപ്പെട്ടത്.

മധുരവയൽ ഭാഗ്യലക്ഷ്മി നഗറിലെ അപ്പാർട്ട്മെന്റിൽ ഞായറാഴ്ച പുലർച്ചെയുണ്ടായ അപകടത്തിൽ ഗൗതമൻ (31), ഭാര്യ മഞ്ജു (28), ഒമ്പത് മാസം പ്രായമുള്ള പെൺകുഞ്ഞ് എന്നിവർക്കാണ് പരിക്കേറ്റത്. മഞ്ജു അപകടനില തരണം ചെയ്തു. 50ശതമാനത്തിലേറെ പൊള്ളലേറ്റ ഗൗതമിന്റെ നില ഗുരുതരമാണ്.

രാത്രി ചാർജ് ചെയ്യാനിട്ട ബൈക്കിൽ നിന്ന് ഞായറാഴ്ച പുലർച്ചെ പുകയും രൂക്ഷഗന്ധവും ഉയരുകയായിരുന്നു. അയൽവാസികളാണ് ഇവരെ കിൽപോക്ക് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചത്. വാഹനം പൂർണമായും കത്തിനശിച്ചു. കേസെടുത്തിട്ടുണ്ടെന്നും സംഭവത്തെപ്പറ്റി അന്വേഷിക്കുകയാണെന്നും പൊലീസ് പറഞ്ഞു.

ജോലിക്ക് പകരം ഭൂമി കേസ്: ലാലു പ്രസാദിനും കുടുംബത്തിനും വീണ്ടും ഇഡി സമൻസ്

ന്യൂഡൽഹി: ഇന്ത്യൻ റെയിൽവേയിൽ ജോലി നൽകുന്നതിന് ഉദ്യോഗാർഥികളിൽനിന്ന് ഭൂമി കൈപ്പറ്റിയതുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ആർ.ജെ.ഡി. നേതാവായ ലാലുപ്രസാദ് യാദവ്, ഭാര്യ റാബ്റി ദേവി, മകൻ തേജ് പ്രതാപ് യാദവ് എന്നിവരെ ചോദ്യം ചെയ്യാനായി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് സമൻസ് അയച്ചു.



ബുധനാഴ്ചയാണ് ലാലു പ്രസാദ് യാദവ് ഹാജരാകേണ്ടത്. റാബ്റി ദേവി, തേജ് പ്രതാപ് യാദവ് എന്നിവർ ഇന്ന് ഹാജരാകുമെന്നാണ് റിപ്പോർട്ടുകൾ.

2004-നും 2009-നുമിടയിൽ ലാലുപ്രസാദ് യാദവ് റെയിൽവേ മന്ത്രിയായിരിക്കേ റെയിൽവേയിൽ ജോലി നൽകാമെന്നു പറഞ്ഞ് തന്റെ കുടുംബത്തിന്റെ പേരിലേക്ക് ഭൂമി എഴുതി വാങ്ങിയെന്നാണ് ആരോപണം.

2023 ൽ കേസുമായി ബന്ധപ്പെട്ട് തേജസ്വി യാദവിന്റെ ഡൽഹിയിലെ ന്യൂ ഫ്രണ്ട്സ് കോളനിയിലെ വസതിയിലടക്കം 24 ഇടങ്ങളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി.) പരിശോധന നടത്തിയിരുന്നു. യു.എസ്. ഡോളർ ഉൾപ്പെടെയുള്ള വിദേശ കറൻസികളും 53 ലക്ഷം രൂപയും അരക്കിലോ സ്വർണക്കട്ടിയും ഒന്നരക്കിലോ സ്വർണാഭരണങ്ങളും ലാലുപ്രസാദ് യാദവ് കുടുംബത്തിൽനിന്ന് പിടിച്ചെടുത്തിരുന്നു.

കാട്ടാനയെ കണ്ട് ഓടിയ വീട്ടമ്മക്ക് പരിക്ക്

വരന്തരപ്പിള്ളി: പാലപ്പിള്ളി കുണ്ടായിൽ കാട്ടാനയെ കണ്ട് ഭയന്ന് ഓടിയ വീട്ടമ്മ വീണ് പരിക്കേറ്റു. മുരിക്കിങ്ങൽ കേളുപടിക്കൽ ഹനീഫ ഭാര്യ രജീന (52) ക്കാണ് പരിക്കേറ്റത്. പരിക്കേറ്റ വീട്ടമ്മയെ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു.

ഭാര്യ സുഹൃത്തിനൊപ്പം ഷെഡിൽ, അടിച്ചുകൊന്ന് ഭർത്താവ്; അറസ്റ്റ്

തൊടുപുഴ: ഇടുക്കിയിൽ അസം സ്വദേശിനിയെ കൊലപ്പെടുത്തിയ കേസിൽ ഭർത്താവ് അറസ്റ്റിൽ. ഷെനിച്ചർ എന്നയാളെയാണ് പൊലീസ് അറസ്റ്റ് ചെയ്തത്. ഭാര്യ ബാലേ ടുഡുവിനെ ഇയാൾ അടിച്ചുകൊല്ലുകയായിരുന്നു. ബാലെ ടുഡുവും ഭർത്താവും ഒരു മാസം മുമ്പാണ് ജോലിക്കായി ഇടുക്കിയിലേക്ക് എത്തുന്നത്.

കഴിഞ്ഞ ദിവസം ഇവരുടെ സുഹൃത്ത് ഇവർ താമസിക്കുന്ന സ്ഥലത്തെത്തുകയും ഒരുമിച്ച് മദ്യപിക്കുകയും ചെയ്തു. ശേഷം സുഹൃത്തും ഷെനിച്ചറും വീട്ടിലും ബാലേ ടുഡു സമീപത്തെ ഷെഡിലും കിടന്നുറങ്ങി. രാത്രിയിൽ ഉറക്കം എഴുന്നേറ്റ ഷെനിച്ചർ ഭാര്യയെ സുഹൃത്തിനൊപ്പം ഷെഡിൽ ഒരുമിച്ചു കണ്ടു. ഇതോടെ ഇവർ തമ്മിൽ വഴക്കും ബഹളവുമായി. കാര്യങ്ങൾ അടിപിടിയിലേക്ക് എത്തിയതോടെ സുഹൃത്ത് ഓടിരക്ഷപ്പെട്ടു.

ഈ സമയം ഷെനിച്ചർ കയ്യിൽ കിട്ടിയ തടിക്കഷ്ണം ഉപയോഗിച്ച് ഭാര്യയെ അടിച്ചു കൊലപ്പെടുത്തി. ഭാര്യയെ കൊലപ്പെടുത്തിയ കാര്യം ഇയാൾ തന്നെ തൊഴിലുടമയെ വിളിച്ച് അറിയിച്ചു. പൊലീസ് സ്ഥലത്തെത്തി വിശദമായ പരിശോധനകൾ നടത്തി. കൊലയിൽ മറ്റാർക്കെങ്കിലും പങ്കുണ്ടോ എന്ന കാര്യം അന്വേഷിക്കും.

കുഞ്ഞിന്റെ മൃതദേഹം കിണറ്റിൽ

കണ്ണൂർ: പാപ്പിനിശ്ശേരിയിൽ നാല് മാസം പ്രായമുള്ള കുഞ്ഞിന്റെ മൃതദേഹം കിണറ്റിൽ കണ്ടെത്തിയ സംഭവം കൊലപാതകമെന്ന് പോലീസ്. മാതാപിതാക്കളെ ചോദ്യം ചെയ്തു വരികയാണെന്ന് പോലീസ് പറഞ്ഞു. തമിഴ്നാട് സ്വദേശികളുടെ കുഞ്ഞിനെയാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. അഞ്ചു പേർ അടങ്ങുന്ന കുടുംബം പാപ്പിനിശ്ശേരിയിൽ താമസിച്ചു വരികയായിരുന്നു.

കാസ ആർ.എസ്.എസിന്റെ മറ്റൊരു മുഖമെന്ന് എം.വി. ഗോവിന്ദൻ; വെളിപാട് വന്നല്ലോ: ജിന്റോ ജോൺ

കോഴിക്കോട്: ആർ.എസ്.എസിന്റെ മറ്റൊരു മുഖമാണ് കാസയെന്ന് പറഞ്ഞ സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദനെ പരിഹസിച്ച് കോൺഗ്രസ് നേതാവ് ഡോ. ജിന്റോ ജോൺ. കാസക്കെതിരെ ഒരന്വേഷണം പോലും നടത്താൻ കാരണഭൂതന്റെ ആഭ്യന്തര വകുപ്പിനോട് പറയാത്തതെന്തേ എന്ന് ജിന്റേ ജോൺ ഫേസ്ബുക്ക് കുറിപ്പിൽ ചോദിക്കുന്നു.

11 ചോദ്യങ്ങളാണ് ജിൻറോ ജോൺ ഫേസ്ബുക്ക് കുറിപ്പിൽ ഉന്നയിക്കുന്നത്. സോഷ്യൽ മീഡിയയിലും പൊതുരംഗത്തും വർഗ്ഗീയ വിഷം വിതച്ച് കൊയ്ത്തിനാകാറായിട്ടും മാർക്സിസ്റ്റ് ആചാര്യൻ നാളിതുവരെ കണ്ടില്ലേ എന്ന് ജിൻറോ ചോദിക്കുന്നു. പി.സി ജോർജ് മുതൽ കെ.ടി ജലീൽ വരെയുള്ള സംഘികളും സഖാക്കളും ഈ വൃത്തികേടുകൾ മുഴുവൻ എഴുന്നള്ളിക്കുമ്പോൾ നിങ്ങൾ എ.കെ.ജി സെന്ററിൽ ഉണ്ടുറങ്ങി ഇരിക്കുകയല്ലേ എന്നും ജിൻറോ ജോൺ ചോദിക്കുന്നു.

സ്വർണ വില സർവകാല റെക്കാഡിൽ; 70,000 കൊടുത്താലും ഒരു പവൻ കിട്ടില്ല

കൊച്ചി: ചരിത്രത്തിലാദ്യമായി സ്വർണവില 66,000 കടന്നു. ഇരുപത്തിരണ്ട് കാരറ്റിന് പവന് ഇന്ന് മാത്രം 320 രൂപയാണ് കൂടിയത്. ഗ്രാമിന് 40 രൂപ കൂടി 8250 രൂപയായി. കഴിഞ്ഞ വെള്ളിയാഴ്ച രേഖപ്പെടുത്തിയ 65,840 രൂപയുടെ റെക്കാർഡ് ആണ് ഇന്ന് തകർന്നുവീണത്. പതിനെട്ട് കാരറ്റിന് ഗ്രാമിന് 35 രൂപയാണ് ഇന്ന് കൂടിയത്. ഇതോടെ 6810 രൂപയായി. വെള്ളി ഗ്രാമിന് 111രൂപയാണ് ഇന്നത്തെ നിരക്ക്.

അമേരിക്കയിലെ നാണയപ്പെരുപ്പം നേരിയ തോതിൽ കുറഞ്ഞതോടെ ഈ വർഷം മുഖ്യ പലിശ നിരക്ക് രണ്ട് തവണ കുറച്ചേക്കുമെന്ന വിലയിരുത്തലാണ് പൊടുന്നനെ സ്വർണവിലയിൽ കുതിപ്പുണ്ടാക്കിയത്.

വിലയിലെ കുതിപ്പ് ആഭ്യന്തര വിപണിയിൽ സ്വർണവിൽപ്പനയിൽ കടുത്ത തിരിച്ചടി സൃഷ്ടിക്കുന്നുവെന്ന് ജുവലറി ഉടമകൾ പറയുന്നു. സാമ്പത്തിക രംഗത്തെ തളർച്ചയും ഓഹരി ഉൾപ്പെടെയുള്ള നിക്ഷേപ മേഖലകളിലെ അനിശ്ചിതത്വവും വിൽപ്പനയെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് അവർ പറയുന്നു. നിലവിൽ ഒരു പവൻ സ്വർണം വാങ്ങുന്നതിന് ജി.എസ്.ടിയും സെസും പണിക്കൂലിയുമടക്കം 70,000 രൂപയിലധികം നൽകണം.

ഫെബിനെ കൊലപ്പെടുത്തിയത് സഹോദരി ബന്ധത്തിൽ നിന്ന് പിൻമാറിയതിനാൽ, കൊല്ലാൻ ലക്ഷ്യമിട്ടത് യുവതിയെയെന്ന്

കൊല്ലം: കോളേജ് വിദ്യാർത്ഥിയെ വീട്ടിൽ കയറി കുത്തിക്കൊലപ്പെടുത്തിയശേഷം യുവാവ് ട്രെയിനിന് മുന്നിൽ ചാടി ജീവനൊടുക്കിയ സംഭവത്തിൽ നിർണായക വിവരങ്ങൾ പുറത്ത്. ഉളിയക്കോവിൽ വിളപ്പുറം മാതൃകാനഗർ 162 ഫ്ളോറി ഡെയിലിൽ ഫെബിൻ ജോർജ് ഗോമസാണ് (21) കൊല്ലപ്പെട്ടത്.

നീണ്ടകര പുത്തൻതുറ തെക്കേടത്ത് വീട്ടിൽ തേജസ് രാജുവാണ് (22) ട്രെയിനിന് മുന്നിൽ ചാടി ആത്മഹത്യ ചെയ്തത്. തേജസുമായുള്ള ബന്ധത്തിൽ നിന്ന് ഫെബിന്റെ സഹോദരി പിന്മാറിയതാണ് കൊലയ്ക്ക് കാരണമെന്നാണ് പൊലീസ് വ്യക്തമാക്കുന്നത്.

ഫെബിന്റെയും തേജസിന്റെയും കുടുംബങ്ങൾ തമ്മിൽ വർഷങ്ങൾ നീണ്ട അടുപ്പമുണ്ടെന്ന് പൊലീസ് പറഞ്ഞു. ഫെബിന്റെ സഹോദരിയും തേജസ് രാജും പ്രണയത്തിലായിരുന്നു. ഇരുവരും എഞ്ചിനീയറിംഗ് കോളേജിൽ സഹപാഠികളായിരുന്നു. ബാങ്ക് പരീക്ഷാ പരിശീലനത്തിനും ഇരുവരും ഒന്നിച്ചുണ്ടായിരുന്നു. ഇരുവരും പരീക്ഷയെഴുതിയെങ്കിലും യുവതിക്ക് മാത്രമാണ് ജോലി ലഭിച്ചത്. തേജസ് സിവിൽ പൊലീസ് ഓഫീസർ പരീക്ഷ ജയിച്ചെങ്കിലും കായികക്ഷമതാ പരീക്ഷയിൽ പരാജയപ്പെട്ടു.

വിവാഹത്തിന് രണ്ടുപേരുടെയും കുടുംബങ്ങൾ സമ്മതിക്കുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട് യുവതി ബന്ധത്തിൽ നിന്ന് പിൻമാറി. ബന്ധം തുടരണമെന്ന് ആവശ്യപ്പെട്ട് യുവതിയെ തേജസ് ശല്യം ചെയ്തത് വീട്ടുകാർ വിലക്കി. ഇതിലുള്ള വൈരാഗ്യമാണ് കൊലയിൽ കലാശിച്ചത്. യുവതിയെ കൊലപ്പെടുത്താൻ തേജസ് ലക്ഷ്യമിട്ടിരുന്നോയെന്ന് സംശയിക്കുന്നതായി പൊലീസ് പറഞ്ഞു.

തേജസ് പെട്രോൾ കൈവശം വച്ചത് ഫെബിന്റെ സഹോദരിയെ കൊലപ്പെടുത്താനായിരുന്നു എന്നാണ് പൊലീസ് സംശയിക്കുന്നത്. എന്നാൽ യുവതി വീട്ടിലുണ്ടായിരുന്നില്ല. മറ്റൊരു പെട്രോൾ ടിൻ ഫെബിന്റെ കാറിൽ നിന്ന് പൊലീസ് കണ്ടെടുത്തു. തേജസ് എത്തിയ സമയം വീട്ടുകാർ പേരയ്ക്ക കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇവരുടെ കൈവശമുണ്ടായിരുന്ന കത്തിയാണ് തേജസ് ഫെബിനെ കുത്താൻ ഉപയോഗിച്ചതെന്നും വിവരമുണ്ട്.

ഫെബിനെ കൊലപ്പെടുത്തിയതിനുശേഷം കാറിൽ രക്ഷപ്പെട്ട തേജസ് കടപ്പാക്കടയ്ക്കടുത്ത് ചെമ്മാംമുക്ക് ആർ.ഒ. ബിക്ക് താഴെയെത്തി 7.30 ഓടെ ട്രെയിനിന് മുന്നിൽച്ചാടി ആത്മഹത്യ ചെയ്യുകയായിരുന്നു. കൈഞരമ്പ് മുറിച്ചതിനുശേഷമായിരുന്നു ട്രെയിനിന് മുന്നിൽ ചാടിയത്.

മദ്യലഹരിയിൽ റെയിൽവേ ട്രാക്കിൽ കുടുങ്ങി; എമർജൻസി ബ്രേക്കിട്ട് ലോക്കോപൈലറ്റുമാർ

ആലപ്പുഴ: മദ്യലഹരിയിൽ പാതിബോധത്തിൽ റെയിൽവേ ട്രാക്കിൽ കുടുങ്ങിയവരെ ട്രെയിൻ പെട്ടെന്ന് നിർത്തി രക്ഷപ്പെടുത്തി ലോക്കോപൈലറ്റുമാർ. ട്രെയിൻ എമർജൻസി ബ്രേക്കിട്ടതോടെയാണ് ഇരുവരെയും രക്ഷപ്പെടുത്താനായത്. ആലുവ അങ്കമാലി റൂട്ടിൽ ശനിയാഴ്ച രാത്രി ഒമ്പതരയോടെയായിരുന്നു സംഭവം. തലനാരിഴയ്ക്കാണ് ഇരുവരും അപകടത്തിൽ നിന്നും രക്ഷപ്പെട്ടത്.

ഷാലിമാർ എക്സ്പ്രസ് ആലുവയിൽ നിന്നും പുറപ്പെട്ട് ഒന്നരകിലോമീറ്റർ പിന്നിട്ടപ്പോഴാണ് റെയിൽവേ ട്രാക്ക് മുറിച്ചു കടക്കാൻ ശ്രമിക്കുന്നവരെ ലോക്കോ പൈലറ്റുമാർ കണ്ടത്. ഇരുവരും ട്രാക്ക് മുറിച്ചുകടക്കാനാവാതെ പ്രയാസപ്പെടുന്നതാണെന്ന് മനസിലാക്കിയ ഇവർ ഉടനടി എമർജൻസി ബ്രേക്കിട്ടു. ട്രെയിൻ സമീപത്തെത്തിയതും ഇരുവരും ട്രാക്കിനുള്ളിലേക്ക് വീണു. പുറത്തിറങ്ങി നോക്കിയപ്പോൾ ജീവഹാനി സംഭവിച്ചിട്ടില്ലെന്ന് മനസിലാക്കിയ ലോക്കോപൈലറ്റുമാർ ഇരുവരെയും രക്ഷപ്പെടുത്തി. സംഭവത്തിന്റെ ദൃശ്യങ്ങളും പകർത്തി.

അടിന്തിരഘട്ടത്തിൽ മാത്രമാണ് എമർജൻസി ബ്രേക്കിടാൻ അനുവാദമുള്ളത്. ഇത്തരത്തിൽ എമർജൻസി ബ്രേക്കിടുന്ന സാഹചര്യമുണ്ടായാൽ ഉന്നതതലത്തിൽ വിശദീകരണം നൽകുകയും വേണം. ട്രെയിനിന്റെ പിൻഭാ?ഗം ആലുവ പാലത്തിന് മുകളിലായിരുന്നതിനാൽ ട്രെയിൻ മാനേജർക്ക് പുറത്തിറങ്ങി സംഭവിച്ചത് മനസിലാക്കാനുള്ള സാഹചര്യവും ഉണ്ടായിരുന്നില്ല. ആയതിനാലാണ് ദൃശ്യങ്ങൾ പകർത്തിയതെന്ന് ലോക്കോപൈലറ്റ് അൻവർ ഹുസൈൻ പറഞ്ഞു. ജനങ്ങളെ ബോധവത്കരിക്കുക എന്ന ഉദ്ദേശത്തോടെയാണ് ദൃശ്യങ്ങൾ പുറത്തുവിട്ടതെന്നും അദ്ദേഹം വ്യക്തമാക്കി.

പ്രവാസിക്ഷേമ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കും: മുഖ്യമന്ത്രി

തിരു : പ്രവാസികൾക്കായി നിലവിലുള്ള ക്ഷേമ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലും കാലോചിതമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിലും സർക്കാർ ഊന്നൽ നൽകിവരുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. ടി.വി. ഇബ്രാഹിമിന്റെ സബ്മിഷന് മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി.

കൃതജ്ഞത

എബ്രഹാം വർഗ്ഗീസ് (തങ്കച്ചൻ – 73)
കട്ടേക്കുഴിയിൽ ഹൗസ്, വടക്കാഞ്ചേരി

എന്റെ പ്രിയ ഭർത്താവും ബ്ലോക്ക് കോൺഗ്രസ് മുൻ സെക്രട്ടറിയും മിൽമ റിട്ടയേർഡ് ജീവനക്കാരനുമായ കട്ടേക്കുഴിയിൽ എബ്രഹാം വർഗ്ഗീസിന്റെ (തങ്കച്ചൻ – 73) നിര്യാണ വാർത്തയറിഞ്ഞ് ഞങ്ങളുടെ വസതിയിൽ നേരിട്ടുവന്നും അനുശോചന സന്ദേശങ്ങൾ വഴിയും ഞങ്ങളെ സമാശ്വസിപ്പിക്കുകയും തുടർന്ന് ഓട്ടുപാറ സെയ്ന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയ പള്ളിയുടെ എങ്കക്കാട് സെമിത്തേരിയിൽ നടന്ന സംസ്കാര ചടങ്ങുകളിലും പങ്കുകൊണ്ട് പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത ബന്ധുമിത്രാദികൾ, നല്ലവരായ നാട്ടുകാർ, ജനപ്രതിനിധികൾ, രാഷ്ട്രീയ-സാമൂഹിക-കലാ-സാംസ്കാരിക രംഗത്തെ പ്രമുഖർ, ഉദ്യോഗസ്ഥ പ്രമുഖർ, വ്യാപാരി വ്യവസായികൾ, സമൂഹത്തിലെ മറ്റ് എല്ലാ ബഹുമാന്യ വ്യക്തികൾ എന്നിവർക്കും ഞങ്ങൾക്കുള്ള കൃതജ്ഞത അറിയിക്കുന്നു.

ദുഃഖ സ്മരണകളോടെ,

ഭാര്യ: **ലിസി** (റിട്ട. പ്രധാനാധ്യാപിക, സി എം എസ് സ്കൂൾ അകംപാടം)
മക്കൾ: **അനൂപ്** (അധ്യാപകൻ, ബി ഇ എം സ്കൂൾ, പാലക്കാട്), **അരുൺ** (ബിസിനസ്)
മരുമക്കൾ: **ജീന പോൾ** (എൽപിഎസ് കൊണ്ടാഴി), **ഷാലു** (നേഴ്സ്, ജൂബിലി മിഷൻ)
മറ്റു കുടുംബാംഗങ്ങൾ

മരണവിവരം യഥാസമയം അറിയിക്കുവാൻ ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ ക്ഷമാപണം.

VEHICLE FOR SALE
SHRIRAM FINANCE LTD.
C Square, 1st Floor, Near Municipality Office
Panniyamkursi Road, CHERPULASSERY
Phone: 0466 2281416

Vehicle No	Vehicle Description	Year of manufacturing
KL18H-4751	FIGO 1.4 DURATORQ, TAITANIUM DIESEL 5 SEATER	2011 MODEL

VEHICLE FOR SALE
SHRIRAM FINANCE LTD.
2nd Floor, Mega Mall, Main Road,
OTTAPALAM - 679101
Phone: 0466 2244121

| Vehicle No | Vehicle Description | Year of manufactur

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ജനങ്ങളെ കേൾക്കാൻ സന്നദ്ധനല്ലാത്ത ഭരണാധികാരിക്ക് കീഴിൽ ജീവിക്കേണ്ടിവരുന്നത് ദുരന്തം: ജോയ് മാത്യു

തൃശൂർ: സമരം ചെയ്യുന്ന ആശ വർക്കർമാരുമായി കൂടിക്കാഴ്ച പോലും നടത്താത്ത ഏകാധിപതിയായ പിണറായി വിജയന് കീഴിൽ ജീവിക്കേണ്ടി വരുന്നതാണ് സമകാലിക മലയാളി നേരിടുന്ന വലിയ അപമാനമെന്ന് നടൻ ജോയ് മാത്യു പറഞ്ഞു. മനുഷ്യർ തമ്മിലുള്ള കൂടിക്കാഴ്ചകളെ ഒഴിവാക്കുന്ന ഭരണാധികാരികളാണ് ഇന്ന് രാജ്യത്തും സംസ്ഥാനത്തുമുള്ളത്. രാവെന്നോ പകലെന്നോ ഭേദമില്ലാതെ എല്ലാവരെയും കാണാനും കേൾക്കാനും സന്നദ്ധരായ ഉമ്മൻചാണ്ടിയെ പോലുള്ള ഭരണാധികാരികൾ ഉണ്ടായിരുന്ന നാട്ടിലാണ് ഈ ദുരവസ്ഥ.ഗാന്ധിജിയുടെ തൃശൂർ സന്ദർശനത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് ജില്ലാ കോൺഗ്രസ് കമ്മിറ്റി സംഘടിപ്പിച്ച പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം..അഭിനവ ദേശസ്നേഹികൾ മറന്നുപോകുന്ന ഒന്നിനെയാണ് കോൺഗ്രസ് വീണ്ടും ഓർമ്മപ്പെടുത്തുന്നത്. ഇപ്പോൾ കൂടെക്കൂടെ ഗാന്ധിയെ ഓർമിക്കുന്നതായി നടിക്കുന്ന ഇടതുപക്ഷത്തിന് അവരുടെ സമ്മേളനങ്ങളിൽ ഗാന്ധിയുടെ ചിത്രം എങ്കിലും വയ്ക്കാൻ ധൈര്യമുണ്ടോ?ഭാഷയുടെയും ദേശത്തിന്റെയും അതിർവരമ്പുകളില്ലാതെ സകല മനുഷ്യരോടും സംവാദിച്ചിരുന്ന ജനനേതാവായിരുന്നു ഗാന്ധിജിയെന്നും അദ്ദേഹത്തെ സ്മരിച്ചും മനസ്സിലാക്കാൻ ശ്രമിച്ചു മാത്രമേ പുതിയൊരാന്ത്യ സൃഷ്ടിക്കാനാവൂവെന്നും ജോയ് മാത്യു പറഞ്ഞു.

'ഇരുണ്ടു മൂടിയ കാർമേഘമാണ് രാജ്യത്ത്.ആ ഇരുട്ടിനെ തുത്തുമാറ്റാനുള്ള വെളിച്ചം ഗാന്ധിയാണ് ' യോഗത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത കവി അൻവർ അലി അഭിപ്രായപ്പെട്ടു.1925 ൽ മഹാത്മാഗാന്ധി തൃശൂർ മണികണ്ഠനാലിൽ നടത്തിയ പ്രസംഗം എം.പി സുരേന്ദ്രൻ പുനരവതരിപ്പിച്ചു. ഡിസിസി പ്രസിഡണ്ട് അഡ്വ. ജോസഫ് ടാജറ്റ് അധ്യക്ഷത വഹിച്ചു. തേറമ്പിൽ രാമകൃഷ്ണൻ, ഡോ. പി. വി കൃഷ്ണൻ നായർ, പി.എ മാധവൻ,എം.പി വിൻസെന്റ്, ജോസ് വള്ളൂർ, ടി.വി ചന്ദ്രമോഹൻ, ജോസഫ്ചാലിശ്ശേരി,എം. പി ജാക്സൺ, സുനിൽ അന്തിക്കാട്, രാജേന്ദ്രൻ അരങ്ങത്ത്, ജോൺ ഡാനിയേൽ, എ.പ്രസാദ്, സി. സി. ശ്രീകുമാർ, ഐ.പി. പോൾ, നിജി ജസ്റ്റിൻ തുടങ്ങിയവർ പങ്കെടുത്തു .കെ കെ ബാബു സ്വാഗതവുംകെ ബി ജയറാം നന്ദിയും പറഞ്ഞു.

അഡ്വ. എഡ്വിന ബെന്നിക്ക്, പ്രൊഫ.വി.പി.ജോൺസ് പുരസ്കാരം സമർപ്പിക്കുന്നു.

അഡ്വ. എഡ്വിന ബെന്നിക്ക് പുരസ്കാരം നൽകി ആദരിച്ചു

തൃശൂർ: സർഗ്ഗശേഷിയിലൂടെ മാതൃകയായ അഡ്വ.എഡ്വിന ബെന്നിക്ക് പുരസ്കാരം നൽകി ആദരിച്ചു. തൃശൂർ സാംസ്കാരിക അക്കാദമി തൃശൂർ പ്രസ്സ് ക്ലബ്ബിൽ സംഘടിപ്പിച്ച ചടങ്ങിൽ വെച്ചാണ് പ്രൊഫ. വി.പി.ജോൺസ് അഡ്വ. എഡ്വിനയെ പുരസ്കാരം നൽകി ആദരിച്ചത്. എൽ എ ഡി സി എസ് അഭിഭാഷകയായ എഡ്വിനയുടെ നിയമ പോരാട്ടത്തിന്റെ ഫലമായാണ് ഇന്ത്യയിലെ മുഴുവൻ എൽ എ ഡി സി എസ് അഭിഭാഷകർക്കും പ്രസവാനുകൂല്യം നൽകുവാൻ നാഷണൽ ലീഗൽ സർവ്വീസസ് അഥോറിറ്റി - നാൽസ- ഉത്തരവിട്ടത്. പ്രസവാനുകൂല്യം നിഷേധിക്കപ്പെട്ടപ്പോൾ എഡ്വിന ഇത് സംബന്ധമായി കേരള ഹൈകോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്യുകയായിരുന്നു. എഡ്വിന ബെന്നി മികച്ച പ്രഭാഷകയും അവതാരകയും യുട്യൂബറുമാകുന്നു. തൃശൂർ ഗവണ്മെന്റ് ലോ കോളേജിൽ നിന്ന് ബിരുദവും ബിരുദാനന്തര ബിരുദവും നേടിയ എഡ്വിന കാലിക്കറ്റ് യൂണിവേഴ്സിറ്റി എൽ എൽ ബി റാങ്ക് ഹോൾഡറുമാണ്. ചടങ്ങ് പത്മശ്രീ കലാമണ്ഡലം ക്ഷേമാവതി ഉദ്ഘാടനം ചെയ്തു. കെ.പി.മനോജ് കുമാർ, മോഹൻദാസ് പാറപ്പുറത്ത്, ശപത്ഥ്, മാധവിക്കുട്ടി, രാജൻ എലവത്തൂർ എന്നിവർ പ്രസംഗിച്ചു.

ബി എസ് എൻ എൽ ഓഫീസിലേക്ക് മാർച്ച് നടത്തി

ഇരിങ്ങാലക്കുട: കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തോടുള്ള അവഗണനക്കെതിരെ എൽഡിഎഫ് മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ റാണാവിലെ ബി എസ് എൻ എൽ ഓഫിസിലേക്ക് മാർച്ച് നടത്തി.

സി പി ഐ എം ജില്ലക്കമ്മിറ്റി അംഗം പി കെ ഡേവിസ് ഉദ്ഘാടനം ചെയ്തു. സി പി ഐ മണ്ഡലം സെക്രട്ടറിയേറ്റ അംഗം എൻ ബി ലത്തിഫ് അധ്യക്ഷത വഹിച്ചു.

കെ എസ് ജയ, വി എ മനോജ്കുമാർ, ടി കെ വർഗീസ് മാസ്റ്റർ, അഡ്വ. പാപ്പച്ചൻ വാഴപ്പിള്ളി, രാജു പാലത്തിങ്കൽ, ബാലൻകണിമംഗലത്ത്, റഷീദ് കാട്ടൂർ എന്നിവർ പ്രസംഗിച്ചു. ഉല്ലാസ് കളക്കാട്ട് സ്വാഗതവും ഡോ. കെ പി ജോർജ്ജ് നന്ദിയും പറഞ്ഞു.

വൈ എം സി എ സമ്മർ ക്യാമ്പ്

തൃശ്ശൂർ : തൃശ്ശൂർ ഢങ്ങഇഅ എല്ലാക്കൊല്ലവും കുട്ടികൾക്കായി നടത്തുന്ന വേനൽക്കാല ക്യാമ്പിന് 'ഫ്ളൈ ഹൈ' (Fly High) റജിസ്ട്രേഷൻ ആരംഭിച്ചു. 5 മുതൽ 10 വരെയുള്ള ക്ലാസിലെ കുട്ടികൾക്കാണ് ക്യാമ്പ്. ഏപ്രിൽ 1-30 വരെ രാവിലെ 9.30 മുതൽ 4.30 വരെ നടത്തുന്ന ക്യാമ്പിലേക്ക് ആദ്യം റജിസ്റ്റർ ചെയ്യുന്ന 70 പേർക്കാണ് പ്രവേശനം. പ്രവേശന ഫീസ് 750/-രൂപ റജിസ്ട്രേഷന് വിളിക്കുക: 8089360076

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (CII) തൃശൂർ സോണൽ ചെയർമാനായി എൻ. സുരേഷ് ബാബു (സതേൺ പ്ലാസ്റ്റിക്സ്) വൈസ് ചെയർമാനായി ഡോ. ഇ.ടി.യഥു നാരായണൻ മൂസ് (വൈദ്യരത്നം ഔഷധശാല) എന്നിവർ ചുമതലയേറ്റു.

വാര്യർ സമാജം സമ്മേളനം - ലോഗോ ക്ഷണിക്കുന്നു

ഇരിങ്ങാലക്കുട : മെയ് 24, 25 തിയ്യതികളിൽ ഇരിങ്ങാലക്കുടയിൽ നടക്കുന്ന 47-ാം മത് സമസ്ത കേരള വാരിയർ സമാജം സംസ്ഥാന സമ്മേളനത്തിന്റെ ലോഗോ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ മാർച്ച് 21 ന് മുമ്പ് സമാജം സംസ്ഥാന സെക്രട്ടറിയും കോ-ഓർഡിനേറ്ററും മായ എ.സി. സുരേഷിന് (whatsapp No: 944 744 2398) അയക്കണമെന്ന് ജനറൽ സെക്രട്ടറി വി.വി. മുരളീധര വാരിയർ അറിയിച്ചു.

കമ്പിവടി കൊണ്ട് അടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ ഈസ്റ്റ് കോമ്പാറ, ചാലാംപാടം സ്വദേശികൾ അറസ്റ്റിൽ

ഇരിങ്ങാലക്കുട :വേളൂക്കര കോലോത്തുംപടി സ്വദേശിയായ തെക്കേടത്ത് വീട്ടിൽ ഹരിദാസിനെ (361 കമ്പിവടി കൊണ്ട് അക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച സംഭവത്തിൽ ഈസ്റ്റ് കോമ്പാറ കുഴിക്കണ്ടത്തിൽ വീട്ടിൽ ഷെരീഫ് (42),ചാലാംപാടം വെളക്കനാടൻ വീട്ടിൽ സോണി (39) എന്നിവരെ ഇരിങ്ങാലക്കുട പോലീസ് അറസ്റ്റ് ചെയ്തു. അക്രമണത്തിന് ഇരയായ ഹരിദാസ് സോണിയെ അസഭ്യം പറഞ്ഞതിലുള്ള വൈരാഗ്യത്താലാണ് ഇവർ രണ്ട് പേരും ചേർന്ന് കഴിഞ്ഞ ദിവസം രാത്രി എഴരയോടെ കോലോത്തുംപടിയിൽ വെച്ച് അക്രമിച്ചതെന്ന് പോലീസ് പറഞ്ഞു. ഇരുവരും നിരവധി കേസുകളിലെ പ്രതികളാണ്.

ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ഷാജൻ എം.എസ്, സബ് ഇൻസ്പെക്ടർ, ആൽബി തോമസ് വർക്കി, എ.എസ്.ഐ. ഉമേഷ്.കെ.വി, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ രഞ്ജിത്ത്.എം.ആർ, ദേവേഷ്, രാഹുൽ, സിവിൽ പോലീസ് ഓഫീസർ മുരളീ കൃഷ്ണ എന്നിവർ ചേർന്നാണ് പ്രതികളെ പിടികൂടിയത്.

ഇനി പുതുക്കാട് നിന്നും ഊട്ടിക്ക് കെ - സ്വിഫ്റ്റിൽ യാത്ര പോകാം

പുതുക്കാട്: തിരുവനന്തപുരം - ഊട്ടി സ്വിഫ്റ്റ് ഡീലക്സ് സർവ്വീസിന് പുതുക്കാട് കെ എസ് ആർ ടി സി ബസ്റ്റാന്റിൽ ബോർഡിങ്ങ് പോയിന്റ് അനുവദിച്ചു. ദീർഘദൂര യാത്രക്കാർക്കും വിനോദ സഞ്ചാരികൾക്കും ഒരുപോലെ പുതിയ ബോർഡിങ്ങ് പോയിന്റ് വഴി ഊട്ടി വരെയുള്ള കെ എസ് ആർ ടി സി കെ-സ്വിഫ്റ്റ് യാത്രാ സൗകര്യം പ്രയോജനപ്പെടുത്താനാകും.

ദിവസവും രാത്രി 12.46 ന് ഊട്ടി ബസ്സ് പുതുക്കാടെത്തി രാവിലെ 5.21 ഊട്ടിയിലെത്തും. ഷൊർണ്ണൂർ, പെരിന്തൽമണ്ണ, നിലമ്പൂർ, നാടുകാണി, ഗൂഡല്ലൂർ വഴിയുമാണ് ബസ് സർവ്വീസ് നടത്തുന്നത്. തിരിച്ച് രാത്രി ഏഴ് മണിക്ക് ഊട്ടിയിൽ നിന്ന് പുറപ്പെട്ട് രാത്രി 12 മണിക്ക് പുതുക്കാടെത്തും.

കെ സ്വിഫ്റ്റിന്റെ മൊബൈൽ ആപ്പ് മുഖേനെയും വെബ്സൈറ്റ് മുഖേനയും ടിക്കറ്റുകൾ ബുക്ക് ചെയ്യാം. പുതുക്കാട് നിന്നും 361 രൂപയാണ് ഊട്ടി വരെയുള്ള ടിക്കറ്റ് നിരക്ക്. ഒരു ദിവസം തങ്ങാതെ തന്നെ ഊട്ടിയിലെ മനോഹാരിത ആസ്വദിച്ച് തിരിച്ച് വരാൻ ഈ സർവ്വീസ് ഉപകാരപ്പെടുമെന്ന് കെ കെ രാമചന്ദ്രൻ എം എൽ എ പറഞ്ഞു.

കെ കെ രാമചന്ദ്രൻ എം എൽ എയും ഗതാഗത വകുപ്പ് മന്ത്രിയും കെ എസ് ആർ ടി സി എം.ഡി യുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് സ്വിഫ്റ്റ് ഡീലക്സ് സർവ്വീസിന് പുതുക്കാട് ബോർഡിങ്ങ് പോയിന്റ് അനുവദിച്ചത്.

റംസാൻ നോമ്പ് കാലം വിശിഷ്ടം: സി വി കുരിയാക്കോസ്

തൃശൂർ: വേദനിക്കുന്നവരോട് ഹൃദയം ചേർത്തുവയ്ക്കുവാനും, കഷ്ടപ്പെടുന്നവരെ സഹായിക്കാനും, സഹജീവികളോട് നന്മ ചെയ്യുന്നതിനുള്ള റംസാൻ നോമ്പ് കാലം വിശിഷ്ടമണെന്നു കേരള കോൺഗ്രസ് തൃശൂർ ജില്ലാ പ്രസിഡന്റ് സി വി കുരിയാക്കോസ് അഭിപ്രായപ്പെട്ടു. ഇ ഒ സെന്ററിന്റെ നേതൃത്തത്തിൽ നടത്തുന്ന നോമ്പുതുറ വിഭവങ്ങളുടെ വിതരണത്തിന്റെ 16 ദിനത്തിന്റെ ഉൽഘാടനംനിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

യോഗത്തിൽ സി എച്ച് സെന്റർ കോ-ഓഡിനേറ്റർ മുസ്ലിം ലീഗ് ജില്ലാ സെക്രട്ടറി പി. കെ ഷാഹുൽ ഹമീദ് അധ്യക്ഷത വഹിച്ചു

തൃശൂർ ടൗൺഹാൾ അങ്കണത്തിൽ പറവകൾക്കായി സ്നേഹ തണ്ണീർ കുടം സ്ഥാപിച്ചു

തൃശൂർ:കൊടും വേനലിൽ ദാഹിച്ചുവലയുന്ന പറവകൾക്ക് ഒരല്പ ദാഹം ജലം നൽകുന്നതിന് പ്രകൃതി സംരക്ഷണ സംഘം തൃശൂർ ടൗൺഹാൾ അങ്കണത്തിൽ സംഘടിപ്പിച്ച സ്നേഹ തണ്ണീർ കുടത്തിലേക്ക് വെള്ളം ഒഴിച്ച് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം ഉൽഘാടനം നിർവ്വഹിച്ചു.

പ്രകൃതി സംരക്ഷണ സംഘം സംസ്ഥാന സെക്കട്ടറി ഷാജി തോമസ് എൻ അദ്ധ്യക്ഷത വഹിച്ചു.സ്നേഹ തണ്ണീർ കുടം പദ്ധതിയുടെ ബ്രോഷർ ലൈബ്രേറിയൻ വിഎൻ. ഉണ്ണികൃഷ്ണന് കൈമാറി. കെ.അരവിന്ദാക്ഷൻ, എം.കെ.കിഷോർകുമാർ,രജനി രാധാകൃഷ്ണൻ, എ.എം.അനിൽകുമാർ എന്നിവർ പ്രസംഗിച്ചു.

മാർച്ചും ധർണ്ണയും

വടക്കാഞ്ചേരി: തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ വടക്കാഞ്ചേരി പോസ്റ്റോഫീസിന് മുന്നിൽ വച്ച് നടത്തിയ എൽ. ഡി. എഫ് മാർച്ചും ധർണ്ണയും ജനതാദൾ (എസ്) തൃശ്ശൂർ ജില്ലാ പ്രസിഡന്റ് അഡ്വ സി. ടി ജോഫി ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു. സി. പി. ഐ. എം ജില്ലാ കമ്മറ്റി അംഗവും മുൻസിപ്പൽ ചെയർമാനുമായ പി. എം സുരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ജനതാദൾ (എസ്) നിയോജകമണ്ഡലം പ്രസിഡന്റ് സി. ടി ഡേവിസ്, ജില്ലാ കമ്മറ്റി അംഗമായ എ. എസ് കുട്ടി,സി. പി. ഐ. നേതാവ് സതീഷ്, കബീർ, സി. പി. ഐ. എം നേതാവ് മേരി തോമസ്, യുവജനതാദൾ (എസ്) ജില്ലാ പ്രസിഡന്റ് കെ. രഞ്ജിത്ത്, വടക്കാഞ്ചേരി മുൻസിപ്പൽ കമ്മറ്റി പ്രസിഡന്റ് ജോർജ് മാത്യു, കിസ്സാൻ ജനത നിയോജക മണ്ഡലം നേതാക്കളായ സണ്ണി, സീനിയർ നേതാവ് ലോനച്ചേട്ടൻ, ജനതാദൾ (എസ്) ബ്രിഗേഡ് ജില്ലാ പ്രസിഡന്റ് സി. ഡി ഔസേപ്പ്, യുവജനതാ നിയോജക മണ്ഡലം പ്രസിഡന്റ് പി. യു ഷൈൻ, അവണ്ണൂർ പഞ്ചായത്ത് കമ്മറ്റി പ്രസിഡന്റ് എം. എസ് ഗംഗാധരൻ തുടങ്ങി നിരവധി പേർ മാർച്ചിലും ധർണ്ണയിലും പങ്കെടുത്തു.

കേന്ദ്ര സർക്കാരിന്റെ കേരളത്തോടുള്ള അവഗണനക്കെതിരെ എൽ ഡി എഫ് ഗുരുവായൂർ നിയോജകമണ്ഡലം പ്രവർത്തകർ ചാവക്കാട് പോസ്റ്റാഫീസിലേക്കു നടത്തിയ മാർച്ചും ധർണയും ആർജെഡി സംസ്ഥാന ജനറൽ സെകട്ടറി യൂജിൻ മോറേലി ഉൽഘാടനം ചെയ്ത് സംസാരിക്കുന്നു. സി പി എം ജില്ലാ കമ്മിറ്റിയഗം സി.സുമേഷ് അദ്ധ്യക്ഷത വഹിച്ചു.

വൈദ്യലിംഗ ശർമ്മ അന്തരിച്ചു

തൃശൂർ: പ്രമുഖ സംസ്കൃത പണ്ഡിതനും ആദ്ധ്യാത്മിക ആചാര്യനും വൈദ്യലിംഗ ശർമ്മ (100)അന്തരിച്ചു. സംസ്ക്കാരം ഇന്ന് ഉച്ചക്ക് 2.30 ന് തിരൂരിൽ നടക്കും.

സ്കൂൾ തുറക്കും മുമ്പേ പാഠപുസ്തകങ്ങളെത്തും

തൃശൂർ : സ്കൂൾ തുറക്കും മുമ്പേഅടുത്ത അധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ തയാറായി. ജില്ലയിലെ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിലെ 2025-26 അധ്യയന വർഷത്തേക്കുള്ള പുസ്തകങ്ങളാണ് വിതരണത്തിന് തയാറായി ഡിപ്പോയിലെത്തിച്ചിട്ടുള്ളത്.കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻ സൊസൈറ്റി അച്ചടിച്ച 11 ലക്ഷം പുസ്തകങ്ങളാണ് ആദ്യഘട്ടത്തിൽ എത്തിയത്. കോഴിക്കോട് ജില്ല കേന്ദ്രമായ വെള്ളിമാട്കുന്ന് എൻ.ജി.ഒ ക്വാർട്ടേഴ്സ് ഡിപ്പോയിലാണ് പുസ്തകങ്ങളെത്തിയിട്ടുള്ളത്. ഡിപ്പോയിൽ നിന്ന് 333 സൊസൈറ്റികളിൽ എത്തിക്കുന്ന നടപടികളാണ് ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്.

അതേസമയം ഇത്തവണ 2, 4, 6, 8, 10 ക്ലാസുകളിലേക്കുള്ള പുസ്തകങ്ങളാണ് മാറിയിട്ടുള്ളത്. കഴിഞ്ഞ തവണ 1, 3, 5, 7, 9 ക്ലാസുകളിലെ പുസ്തകങ്ങളാണ് മാറിയത്. മാറിയ പുസ്തകങ്ങളടക്കം ആകെ 64,94,380 പുസ്തകങ്ങളാണ് ജില്ലയിൽ വിതരണത്തിന് ആവശ്യമുള്ളത്. ഇവ രണ്ട് ഘട്ടങ്ങളിലായിട്ടാണ് വിതരണം ചെയ്യുക. ആദ്യഘട്ടത്തിൽ 41,68,803 പുസ്തകങ്ങളാണ് വിതരണം ചെയ്യുക. ഇത് മേയ് 20ഓടെ പൂർത്തിയാകും.

പിണറായി വിജയൻ തുറന്നുവിട്ട ദുർഭൂതമാണ് കരളത്തിലെ ലഹരി പ്രളയം: മിഥുൻ മോഹൻ

അവിണിശ്ശേരി: മദ്യമല്ല, മറ്റു ലഹരി പദാർത്ഥങ്ങളാണ് അപകടമെന്ന് വരുത്തിത്തീർക്കുവാൻ മുഖ്യമന്ത്രി പിണറായി വിജയൻ തുറന്നു വിട്ട ദുർഭൂതമാണ് കരളത്തിലെ ലഹരി പ്രളയമെന്ന് ഇന്ത്യൻ യൂത്ത് കോൺഗ്രസ്സ് സംസ്ഥാന ജനറൽ സെക്രട്ടറി മിഥുൻ മോഹൻ പ്രസ്താവിച്ചു. തൃശൂർ ജില്ലയിലെ അവിണിശ്ശേരി മണ്ഡലം കോൺഗ്രസ് കമ്മിറ്റി പാലക്കൽ സെന്ററിൽ സംഘടിപ്പിച്ച പിണറായി വിജയന് ലഹരി അഭിഷേകം എന്ന പരിപാടി ഉൽഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മണ്ഡലം പ്രസിഡൻറ് പ്രിയൻ പെരിഞ്ഞരി അദ്ധ്യക്ഷത വഹിച്ചു. മദ്യ വിമോചന മഹാസഖ്യം സംസ്ഥാന പ്രസിഡന്റ് ഇ എ ജോസഫ് മുഖ്യ പ്രഭാഷണം നടത്തി.

ഉമ്മൻചാണ്ടിയുടെ മദ്യനിരോധനത്തേക്കാൾ നല്ലത് മദ്യവർജനമാണെന്നും അതുവഴി മാത്രമാണ് കേരളത്തെ മദ്യ വിമുക്തമാക്കുവാൻ കഴിയൂ എന്നും പറഞ്ഞ് അധികാരത്തിൽ വന്ന ഇടതു പക്ഷ ജനാധിപത്യ മുന്നണി നാടാകെ മദ്യശാലകൾ തുറന്നു. അതിനെതിരെ ജനരോഷം ഉയരാതിരിക്കുവാൻ കൊണ്ടുവന്ന തന്ത്രമായിരുന്നു ലഹരിവിമുക്ത മിഷൻ എന്ന പേരിലെ ഈ ലഹരി പ്രചാരണ പരിപാടികൾ. 2016 ന് മുമ്പും ഇത്തരം ലഹരി വസ്തുക്കൾ ഇവിടെ ഉണ്ടായിരുന്നു പക്ഷേ അവക്കൊന്നും ഇത്രയും പ്രചാരണം ഉണ്ടായിരുന്നില്ല. ഇതിപ്പോൾ കുടത്തിൽ നിന്നും ദുർഭൂതത്തെ തുറന്നു വിട്ടതുപോലെയായി എന്നാൽ കുടത്തിൽ അടക്കുവാനും കഴിയാത്ത അവസ്ഥയാണ് എന്ന് മിഥുൻ മോഹൻ പറഞ്ഞു.

ലഹരിഅഭിഷേകം പരിപാടി മിഥുൻ മോഹനനും ചേർപ്പ് ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് സിജോ ജോർജും ചേർന്ന് നിർവ്വഹിച്ചു. പഞ്ചായത്ത് അംഗങ്ങളായ വി ഐ ജോൺസൺ, ജോയ് പയ്യപ്പിള്ളി, എൻ ബി ശ്രീജിത്ത്, റോസിലി ജോയ്,പറളം മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് കെ ആർ ചന്ദ്രൻ, മണ്ഡലം ബ്ലോക് ഭാരവാഹികളായ രാജൻ നടുവിൽ, എം ആർ രാമകൃഷ്ണൻ, കെ പി അനൂപ്, എൻ ആർ ചന്ദ്രൻ, മിഥുൻ രാസ്, ജിനീഷ് വി ആർ, ഷാജു ഇ കെ, ജോസഫ് കെ എഫ്, ബെന്നി, മഹിളാ കോൺഗ്രസ് നേതാക്കളായ ജയശ്രീ, രശ്മി ബൈജു എന്നിവർ നേതൃത്വം നൽകി.

പുനർ നിയമനങ്ങൾ റദ്ദാക്കുക - കേരള സിറ്റിസൺ ഫോറം

ഇരിങ്ങാലക്കുട : അഭ്യസ്തവിദ്യരായ ആയിരങ്ങൾ തൊഴിലില്ലാതെ കഷ്ടപ്പെടുമ്പോൾ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെ ഭീമമായ ശമ്പളവും ആനുകൂല്യങ്ങളും നൽകി വീണ്ടും സർക്കാർ സർവീസിൽ നിയമിക്കുന്ന രീതി അവസാനിപ്പിക്കണമെന്ന് കേരള സിറ്റിസൺ ഫോറം ഇരിഞ്ഞാലക്കുട നിയോജകമണ്ഡലം കൺവെൻഷൻ ആവശ്യപ്പെട്ടു. നിലവിൽ പുനർ നിയമിതരായ എല്ലാവരെയും ഉടൻ സർവീസിൽ നിന്ന് നീക്കം ചെയ്യണമെന്നും തൽസ്ഥാനത്ത് ഇതുവരെയും സർക്കാർ സർവ്വീസിൽ അവസരം ലഭിക്കാത്ത യോഗ്യരായിട്ടുള്ളവരെ നിയമിക്കണമെന്നും കൺവെൻഷൻ ആവശ്യപ്പെട്ടു. കേരള സിറ്റിസൺ ഫോറം സംസ്ഥാന പ്രസിഡന്റ് പി .ജെ .ആന്റണി കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. ജോർജ് മാത്യു അധ്യക്ഷത വഹിച്ചു. എ സി സുരേഷ്, മാർട്ടിൻ പി പോൾ, പി കെ സുബ്രഹ്മണ്യൻ, കെ കെ ബാബു, കെ പി കുര്യൻ, ജോഷി വർക്കി, പി എം സുരേഷ്, അഡ്വ.ഷാജൻ മഞ്ഞളി, മോഹൻ ഇ ബി, സുനിത സജീവൻ, എന്നിവർ പ്രസംഗിച്ചു.

അയൽകൂട്ട അംഗങ്ങൾക്ക് പരിശീലനം തുടങ്ങി

കുടുംബശ്രീ ജില്ലാ മിഷൻ തൃശ്ശൂരിന്റെ നേതൃത്വത്തിൽ കാടർ പട്ടികവർഗ്ഗ പ്രത്യേക പദ്ധതിയുടെ ഭാഗമായി അയൽക്കൂട്ട അംഗങ്ങൾക്ക് ത്രിദിന പരിശീലനം ആരംഭിച്ചു. പട്ടിക ജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ അംഗം ടി.കെ വാസു ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർ ഡോ. സലിൽ യു. അധ്യക്ഷത വഹിച്ചു. കെകെ എഫ്ആർഐ ഡയറക്ടർ ഡേ. കണ്ണൻ സി.എസ് വാര്യർ മുഖ്യാതിഥിയായി.

ജില്ലയിലെ പ്രാക്തന ഗോത്ര വിഭാഗമായ കാടർ വിഭാഗത്തിന്റെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നു. ഈ പ്രവർത്തനങ്ങൾ താഴെത്തട്ടിൽ പ്രാവർത്തികമാക്കുകയും കൂടുതൽ ഊർജ്ജിതമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ത്രിദിന പരിശീലനം പീച്ചി കെഎഫ്ആർഐയിൽ മാർച്ച് 19 വരെ നടത്തുന്നത്. ജില്ലയിൽ അതിരപ്പിള്ളി, മറ്റത്തൂർ പഞ്ചായത്തുകളിൽ മാത്രമാണ് കാടർ വിഭാഗം താമസിക്കുന്നത്. കാടർ വിഭാഗത്തിന്റെ പ്രധാന ഉപജീവന മാർഗ്ഗം വനവിഭവശേഖരണമാണ്.

ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ദീപ എസ്. നായർ പങ്കെടുത്ത പരിപാടിയിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓഡിനേറ്റർ കെ.കെ പ്രസാദ് സ്വാഗതവും ജില്ലാ പ്രോഗ്രാം മാനേജർ ആദർശ് പി. ദയാൽ നന്ദിയും പറഞ്ഞു.

വാർത്താ ചുരുക്കം

* തൃശൂർ മാനേജ്മെന്റ് അസോസിയേഷൻ കൺവെൻഷനും അവാർഡ് ദാനവും 20ന് വൈകീട്ട് 6 മണിക്ക് ഹയാത്തിൽ നടക്കും.
* മഹാ മണ്ഡലേശ്വർ സ്വാമി ആനന്ദവനം ഭാരതിഇന്ന്വൈകീട്ട് തൃശൂരിലെത്തും. 19ന് വൈകീട്ട് വടക്കു നാഥക്ഷേത്ര പരിസരത്ത് പൗരസ്വീകരണം നൽകും.
* പൊതു ഇടങ്ങളിലെ പരസ്യ ബോർഡുകൾ നിരോധിച്ച നടപടി പിൻവലിക്കാൻ സർക്കാർ ഇടപെടണമെന്ന് ആർട്ടിസ്റ്റ് യൂണിയൻ (സി. ഐ.ടി.യു) ജില്ലാ സെക്രട്ടറി ഉണ്ണി പിക്കാസോ ആവശ്യപ്പെട്ടു. 23ന് വൈകീട്ട് തൃശൂർ കോർപ്പറേഷൻ പരിസരത്ത് പ്രതീകാത്മ സമരം നടക്കും
* ലഹരിക്കെതിരായ പോരാട്ട ഭാഗമായി ചേലക്കര കോളേജ് ഓഫ് അപ്ലയ്ഡ് സയൻസ് ക്യാമ്പ